പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 92 | 31.10.2019 ൽ മറുപടിക്ക്

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>,, എ. എൻ. ഷംസീർ<br>,, കെ.സുരേഷ് കുറുപ്പ്<br>,, സി. കെ. ശശീന്ദ്രൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യം വികസിപ്പിച്ച് സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേയുമായി ചേർന്ന് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈ സ്പീഡ് റെയിൽപാതയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പാതയ്ക്കായി സർവ്വേ നടത്താൻ അനുമതിയായിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. **26.08.2019** ലെ സ.ഉ(കൈ) നം. 43/2019/ഗതാ പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പാതയ്ക്കായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ദക്ഷിണ റെയിൽവേ ജനറൽ മാനേജർ മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായോ; പദ്ധതിയുടെ വിശദാംശം നൽകാമോ; | (ബി) | സെമീ ഹൈസ്പീഡ് റെയിൽ പദ്ധതിക്കുള്ള അംഗീകാരം റെയിൽവേ ബോർഡിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ബഹു. മുഖ്യമന്ത്രി ജനറൽ മാനേജരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല നിലപാട് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള മറ്റ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.<br>ഇതിന്റെ ഭാഗമായി താഴെ പറയുന്ന മൂന്ന് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിനു സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. നിലമ്പൂർ - നഞ്ചൻ ഗുഡ് ബ്രോഡ് ഗേജ് പാത<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി |

സെക്ഷൻ ഓഫീസർ